# സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുക

## 1 തീമൊഥെയൊസ് 2:4

"അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും, സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു."

പ്രസ്തുത വചനത്തിൽ ദൈവത്തിന്റെ നമ്മോടുള്ള അത്യന്തികമായ ലക്ഷ്യം അഥവാ ആഗ്രഹം എന്തെന്നു കാണിക്കുന്നു. "സകല മനുഷ്യരും രക്ഷ പ്രാപിക്കണം, സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണം". രക്ഷ പ്രാപിക്കണം. ഏതു വിധേനയുള്ള രക്ഷയാകുന്നു എന്നതാണ് പ്രാധാന്യം. ഇന്ന് ലോകമനുഷ്യന് അവന്റെ ദൈനംദിന ജീവിതത്തിലുള്ള ഇടപാടുകളിലും കാര്യവ്യവഹാരങ്ങളിലും മാത്രം രക്ഷ മതി. 'ഞാൻ' എന്ന വ്യക്തി അവനെ ചുറ്റി നിൽക്കുന്ന കുടുംബം, സമൂഹം, അവയുടെ ഭദ്രത. ഓരോ ദിവസവും വലിയ ബുദ്ധിമുട്ടും പ്രയാസവും കൂടാതെ കാര്യങ്ങൾ ഒക്കെ ഏറെക്കുറെ ഭംഗിയായി നടത്തപ്പെട്ടു പോകുക ഇതാകുന്നു ലോകത്തിന്റെ കാഴ്ചപ്പാട്. എന്നാൽ യേശു കർത്താവ് നമുക്ക് നല്കിത്തന്ന, കാണിച്ചുതന്ന, പഠിപ്പിച്ചുതന്ന, മനസ്സിലാക്കിതന്ന രക്ഷ തീർച്ചയായും ഇതല്ല. അത് ആത്മാവിന്റെ നിത്യരക്ഷ തന്നെ ആകുന്നു. ഒരുവൻ ലോകം മുഴവൻ നേടിയാലും തന്റെ ആത്മാവ് നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം.

ആത്മാവിന്റെ പരിപൂർണ്ണമായ രക്ഷ ക്രിസ്തുയേശുവിലൂടെ എറ്റെടുക്കുക, ഉറപ്പാക്കുക എന്നതാണ് ദൈവത്തിന്റെ ഇഷ്ടം. അപ്രകാരം മനസ്സിലാക്കുവാൻ ഭാഗ്യം ലഭിച്ച ദൈവമക്കൾക്ക് സ്തോത്രം ചെയ്യാം. രക്ഷിക്കപ്പെട്ട ദൈവപൈതലിന്റെ വലിയ വരദാനം തന്നെയാണ് അവൻ സത്യത്തിന്റെ പരിജ്ഞാനത്തിൽ നടക്കുക എന്നത്. കാരണം യേശുവിലൂടെ രക്ഷ ലഭിച്ചവന്, ആ നിമിഷം തന്നെ ദൈവത്തിൽ നിന്നും ലഭിക്കുന്ന ദാനമാകുന്നു പരിശുദ്ധാത്മാവ്. ഈ ആത്മാവിനു മാത്രമേ നമ്മേ പരിജ്ഞാനത്തിൽ നടത്തുവാൻ കഴിയൂ. അപ്പോൾ എന്താകുന്നു സത്യം. 'യേശു എന്ന ഏക രക്ഷകൻ' ഈ സത്യം മനസ്സിലാക്കി സത്യം, അസത്യം അഥവാ നന്മയും തിന്മയും ഏതെന്ന് തിരിച്ചറിഞ്ഞ് ദൈവേഷ്ടത്തിനായി നമ്മെ വിട്ടുകൊടുക്കുന്നതാണ് പരിജ്ഞാനം. അവന് ദൈവത്തിന്റെ ആഗ്രഹം എന്തെന്ന് മനസ്സിലാകും. ദൈവഹിതപ്രകാരം ജീവിക്കുവാനുള്ള ഒരു സുഖം അവനുണ്ട്. പരിജ്ഞാനം ഇല്ലാതെ പോയ ഏദെൻതോട്ടത്തിലെ വീഴ്ച നമുക്കറിയാം. എന്നാൽ സകല സത്യത്തിലും വഴി നടത്താൻ മതിയായ ഒരുകാര്യസ്ഥൻ ഇന്ന് നമുക്ക് ഉണ്ട്.

സകല മനുഷ്യരും രക്ഷ പ്രാപിക്കണം. സത്യ പരിജ്ഞാനത്തിൽ എത്തണം എന്ന ദൈവേഷ്ടം വീണ്ടും നമ്മെ ഓർപ്പിക്കുമ്പോൾ ശ്രദ്ധയോടെ അവന്റെ കൈകളിൽ

കൊടുക്കാം. അറിവും, മാധ്യമങ്ങളും ലോകത്തെ നിയന്ത്രിക്കുമ്പോൾ; കർത്താവിന്റെ പരിജ്ഞാനം നമ്മെ നിയന്ത്രിക്കുവാൻ ഭാഗ്യം ലഭിച്ചതിനായി നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. പ്രിയരേ, അറിവ്, ചീർപ്പിക്കുക മാത്രമേയുള്ളു. എന്നാൽ പരിജ്ഞാനം, വിശുദ്ധിയിലും സുബോധത്തിലും ഇഹലോകജീവിതം നയിക്കാൻ നമ്മെ സഹായിക്കും. ദിനംതോറും പുത്രന്റെ പാദപീഠം ചുംബിച്ചുകൊണ്ട്, പരിജ്ഞാനത്തിന്റെ തികവ് അടിയന് ചൊരിഞ്ഞുതരേണമേ എന്ന് പ്രാർത്ഥിക്കാം. കർത്താവിന്റെ ഇഷ്ടം, അതേ, രക്ഷ പ്രാപിക്കണം, സത്യപരിജ്ഞാനത്തിൽ എത്തണം' എന്നുള്ളത് നമ്മിൽ ആരംഭിച്ചവൻ, ഇന്നു നശിച്ചുകൊണ്ടിരിക്കുന്ന അനേകരിലും പൂർത്തീകരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. അതുകൊണ്ടാകുന്നു 1 തിമോത്തി 2–ാം അദ്ധ്യായം തുടങ്ങുമ്പോൾതന്നെ സകല മനുഷ്യർക്കും, വിശേഷാൽ രാജാക്കന്മാർക്കും, അധികാരസ്ഥന്മാർക്കും വേണ്ടി ഒക്കെ പ്രാർത്ഥിക്കുവാനും യാചന കഴിക്കാനും നമ്മെ പ്രബോധിപ്പിക്കുന്നത്. തീത്തൊസിന്റെ ലേഖനത്തിൽ നമ്മെ ഓർപ്പിക്കുന്നത് ''തന്റെ വൃതന്മാരുടെ വിശ്വാസത്തിനും ഭക്തിക്കനുസാരമായ സത്യത്തിന്റെ പരിജ്ഞാനത്തിനുമായി' എന്നാണ് (തിത്തോസ് 1:3). കർത്താവിലുള്ള ഉറച്ച വിശ്വാസത്തിനും, ഭക്തിയോടുകൂടെയുള്ള ജീവിതത്തിനും നമ്മെ ബലപ്പെടുത്തുന്ന ദൈവിക പരിജ്ഞാനം. എത്ര ഭാഗ്യകരമായ അവസ്ഥ. അതിന്റെ വിലയെ തുച്ഛീകരിക്കാതെ നമുക്ക് അനുഭവിക്കാം. ആസ്വദിക്കാം. ജീവിക്കാം.

പരാമർശം:

യാക്കോബ് 3:17

ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 124